# വലിയതിരുമേനിയുടെ വിശ്വസ്തൻ സഭയുടെ ഉത്തമ പുത്രൻ

# അഡ്വ: ഷെവ: കെ.പി. എബ്രഹാം



മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു നാമധേയമാണ് അഡ്വക്കേറ്റ് ഷെവലിയാർ കെ.പി. എബ്രഹാമിന്റേത്. 'വട്ടിപ്പണക്കേസ്' എന്നറിയപ്പെട്ടിരുന്ന സമുദായ കേസിൽ, യാക്കോബായ സഭയുടെ കേസ് നടത്തിപ്പിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ആലുവായിലെ പ. പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനി ഏൽപ്പിച്ചിരുന്നത് അഡ്വ: കെ.പി. എബ്രാഹാമിനെ ആയിരുന്നു. കേസ് വാദിക്കലും, കേസ് വാദിക്കാൻ വരുന്ന സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരെ കേസ് പഠിപ്പിക്കലും എല്ലാം ഇദ്ദേഹത്തിന്റെ ചുമതലയായിരുന്നു.

പ. വലിയ തിരുമേനി അഡ്വ: കെ.പി. എബ്രഹാമിന്റെ അമ്മ കൊച്ചന്നത്തിന്റെ പിതൃസഹോദരപുത്രനായിരുന്നു. തിരുമേനി മലങ്കര മെത്രാപ്പോലീത്തയായതോടെ കേസ് നടത്തിപ്പിന്റെ ചുമതല തിരുമേനിക്കായി. അഡ്വ: കെ.പി. എബ്രഹാം മദ്രാസ് ലോ കോളേജിൽ നിന്നും ബി.എൽ പാസായ ശേഷം തിരുവനന്തപുരത്ത് തിരുവിതാംകൂർ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചിരുന്ന കാലം. സാമ്പത്തികമായി അത്ര ഭദ്രമല്ലാത്ത ആ കാലഘട്ടത്തിൽ കേസ് നടത്തുക ഏറെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ഈ സാഹചര്യത്തിലാണ് പ. വലിയ തിരുമേനി സമുദായ കേസിന്റെ ചുമതല അഡ്വ: കെ.പി. എബ്രഹാമിനോട് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായത്. പ. തിരുമേനിയുടെ പ്രത്യേക താൽപര്യത്തിന് വഴങ്ങിയാണ് ഇദ്ദേഹം കേസിന്റെ എല്ലാ ചുമതലകളും ഏറ്റെടുത്തത്. പ. വലിയ തിരുമേനിയുടെ ഏറ്റവും വലിയ വിശ്വസ്തനായിരുന്നു കെ.പി. എബ്രഹാം. കക്ഷിയും വക്കീലുമായിട്ടുള്ള ബന്ധമല്ലായിരുന്നു പ. തിരുമേനിയും അഡ്വ: എബ്രഹാമായിട്ട് ഉണ്ടായിരുന്നത്. ഏറ്റെടുത്ത ചുമതല സ്തുത്യർഹമായി തന്നെ അദ്ദേഹം നടത്തുകയുണ്ടായി. കേസിന് ഫീസ് കണക്ക് പറയുകയോ ആവശ്യപ്പെടുകയോ ചെയ്യാറില്ല. "ഇതേ ഇപ്പോൾ എന്റെ കൈയ്യിൽ ഉള്ളൂ മോനെ" എന്ന് പറഞ്ഞ് പ. വലിയ തിരുമേനി നൽകുന്നത് വാങ്ങുക അതായിരുന്നു രീതി. പ. വലിയ തിരുമേനിയുടെ മുമ്പിൽ ഇരിക്കുന്നതായി കണ്ടിട്ടുള്ളത് അഡ്വ: കെ.പി. എബ്രഹാമും പാലമ്പടം ഡോ. പി.റ്റി. തോമസുമായിരുന്നു.

സ്വന്തം കാര്യം പോലെയായിരുന്നു അദ്ദേഹം സഭാ കേസ് സംബന്ധിച്ച കാര്യങ്ങൾ നടത്തിയിരുന്നത്. തിരുവിതാംകൂർ, തിരുകൊച്ചി, കേരള ഹൈക്കോടതികളിൽ യാക്കോബായ സഭ പൂർണ്ണമായി കേസിൽ വിജയിച്ചിരുന്നു. സുപ്രീംകോടതിയിൽ മാത്രമാണ് യാക്കോബായ സഭയ്ക്ക് ദോഷകരമായ വിധിയുണ്ടായത്. ഈ വിധി ജയിച്ചത്. മെത്രാൻ കക്ഷിയ്ക്കുവേണ്ടി സുപ്രീം കോടതിയിൽ കേസ് നടത്തിയ തോമസ് അച്ചനായിരുന്ന തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ജീവചരിത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

സുപ്രീംകോടതി വിധിയെ തുടർന്ന് 1958 ൽ സഭ യോജിപ്പ് നടത്തിയല്ലോ. സഭക്കു വേണ്ടി ജീവിതകാലം കേസ് നടത്തിയ അഡ്വ: എബ്രഹാമിനെയും സ്വന്തം സമ്പാദ്യത്തിൽ നിന്ന് പോലും ചെലവ് ചെയ്ത് കേസ് നടത്തിക്കുകയും ചെയ്ത പാലാമ്പടം പി.റ്റി തോമസിനെയും അവഗണിച്ചും അവരോട് ആലോചിക്കാതെയുമാണ് സഭാ നേതൃത്വം യോജിപ്പ് നടത്തിയത്. ഇതിൽ രണ്ട് പേർക്കും വലിയ കുണ്ഠിതമുണ്ട്. പ്രത്യേകിച്ച് കോടതിയിൽ താൻ എതിർത്ത് വാദിച്ചിരുന്ന പല സംഗതികളും അംഗീകരിച്ചു കൊണ്ട് നാണം കെട്ട യോജിപ്പ് നടത്തിയതിൽ അഡ്വ: എബ്രഹാമിന് വലിയ മനോഭാരം ഉണ്ടായിരുന്നു. വലിയ തിരുമേനി ഉണ്ടായിരുന്നുവെങ്കിൽ



ഷെവലിയർ സ്ഥാനം ലഭിച്ച . കെ. പി. ഏബ്രഹാമിനെ ഏലിയാസ് മോർ യൂലിയോസ് ബാവായുടെ നേതൃത്വത്തിൽ അനുമോദിച്ചപ്പോൾ

കെ.പി. എബ്രഹാമിനോടും പി.റ്റി. തോമസിനോടും ആലോചിക്കാതെ ഇത്തരത്തിൽ ഒന്നും ചെയ്യുക ഇല്ലായിരുന്നു. സഭയ്ക്ക് വേണ്ടി ചെയ്ത വിലമതിക്കാൻ പറ്റാത്ത സേവനങ്ങൾ അംഗീകരിച്ചുകൊണ്ട് പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ 1956-ൽ ഇദ്ദേഹത്തിന് ഷെവലിയാർ സ്ഥാനം നൽകുകയുണ്ടായി. മലങ്കര യാക്കോബായ സഭയുടെ ചരിത്രത്തിൽ ആദ്യമായി നൽകിയ ഷെവലിയാർ സ്ഥാനമായിരുന്നു ഇത്.

വടക്കൻ പറവൂരിലെ പ്രശസ്തവും പൗരാണികവുമായ കുളങ്ങര കുടുംബത്തിലാണ് ഇദ്ദേഹം ജനിച്ചത്. കുളങ്ങര കുടുംബം തെക്കേ മലബാറിലെ ഏറനാട് രാജ്യത്തെ മറ്റത്തൂരിന് സമീപമുള്ള 'കുളങ്ങര' എന്ന നമ്പൂതിരി കുടുംബം വടക്കൻ പറവൂരിൽ വന്ന് താമസമാക്കിയതിൽ നിന്നും ഒരു ശാഖ ക്രൈസ്തവ മതം സ്വീകരിച്ചതിന്റെ പിൻതല മുറക്കാരാണ് കുളങ്ങരക്കാർ എന്നാണ് കുടുംബ ചരിത്രം. കുളങ്ങര കുഞ്ഞി പൗലോ- കൊച്ചന്നം ദമ്പതികളുടെ മകനായി 1881- എപ്രിൽ 12-ന് ആണ് ഇദ്ദേഹം ജനിച്ചത്. മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരികളുമുണ്ടായിരുന്നു ഇദ്ദേഹത്തിന്. കെ.പി. കുര്യൻ വക്കീൽ ഒരു സഹോദരനാണ്. ചെറുപ്പത്തിലെ പേര് "അവിര" എന്നായിരുന്നു.

മദ്രാസ് ലോ കോളേജിൽ നിന്ന് ബി.എൽ. പാസായി. തുടർന്ന് തിരുവനന്തപുരത്ത് തിരുവിതാംകൂർ ഹൈക്കോടതിയിൽ പ്രക്ടീസ് ആരംഭിച്ചു. കോട്ടയം ഒളശ്ശ പുളിക്കപ്പറമ്പിൽ ................ ജഡ്ജിയുടെ മകൾ മറിയാമ്മയായിരുന്നു ഭാര്യ. ഇവരുടെ സഹോദരിയെയാണ് സി.പി. മാത്തൻ വിവാഹം കഴിച്ചിരുന്നത്. അഡ്വ: എബ്രഹാമിന് നാല് ആൺമക്കളും മൂന്ന് പെൺമക്കളുമായിരുന്നു ഉണ്ടായിരുന്നത്. ഒരു മകൾ ഒഴിച്ച് ബാക്കി എല്ലാവരും മരിച്ചുപോയി. മകൾ അന്നമ്മയെ വിവാഹം കഴിച്ചിരുന്നത് യാക്കോബായ സുറിയാനി സഭയുടെ അൽമായ ട്രസ്റ്റിയായിരുന്ന സി.ജെ. കുര്യന്റെ മകൻ അഡ്വ: സി. പൗലോസ് ആയിരുന്നു.

ഒത്ത ശരീരവും, നല്ല ആകാരവടിവുമുള്ള സുമുഖനായിരുന്നു കെ.പി. എബ്രഹാം. കറുത്ത കോട്ടും സ്യൂട്ടും ധരിച്ച് നടന്നു പോകുന്ന അദ്ദേഹത്തെ അസൂയയോടെ പലരും നോക്കുമായിരുന്നു എന്ന് കേട്ടറിവുണ്ട്. മുഖത്ത് "രാജകല" ഉള്ള ആളായിരുന്നു കെ.പി. എബ്രഹാം എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരെ യാക്കോബായ സഭയ്ക്ക് വേണ്ടി തിരുവിതാംകൂർ ഹൈക്കോടതിയിൽ കേസ് വാദിക്കാൻ ഏർപ്പാടാക്കിയത് ഇദ്ദേഹവും കൂടിയാണ്. തുടർന്നാണ് രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവനായത്. സ്വാതന്ത്ര്യസമരം നടത്തി കൊണ്ടിരുന്ന തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന് നാഷണൽ ക്വയ് ലോൺ ബാങ്ക് സാമ്പത്തിക സഹായം നൽകുന്നു എന്ന ആരോപണത്തിന്റെ പേരിൽ ദിവാൻജിയായിരുന്ന സർ സി.പി. നാഷണൽ ക്വയ് ലോൺ ബാങ്ക് പൊട്ടിക്കുകയും സി.പി. മാത്തൻ ഉൾപ്പെട്ട ഡയറക്ടേഴ്സിനെ ജയിലിൽ അടയ്ക്കുകയും ചെയ്തു. ഇവർക്ക് വേണ്ടി കേസ് വാദിക്കുവാൻ സന്നദ്ധരാകുന്ന വക്കീലന്മാരെ ദിവാൻജി ഭീഷണിപ്പെടുത്തി പിൻമാറ്റി കൊണ്ടിരുന്നു. സി.പി. മാത്തന് വേണ്ടി കേസ് വാദിക്കുവാൻ കെ.പി. എബ്രഹാം തയ്യാറായി. ഇതറിഞ്ഞ ദിവാൻജി ഭീഷണികൊണ്ട് പ്രയോജനമില്ല എന്ന് അറിയാവുന്നതിനാൽ പ്രലോഭനവുമായി ഇദ്ദേഹത്തെ സമീപിച്ചു. കേസ് വാദിക്കാതിരുന്നാൽ ഹൈക്കോടതി ജഡ്ജി സ്ഥാനമായിരുന്നു ദിവാൻജി നൽകിയ ഓഫർ. അക്കാലത്ത് ആരും മോഹിക്കുമായിരുന്നു ഹൈക്കോടതി ജഡ്ജി സ്ഥാനം തള്ളി കളഞ്ഞ് കേസ് വാദിക്കാനായി എത്തിയ അദ്ദേഹത്തെ ദിവാൻജി അറസ്റ്റ് ചെയ്യിക്കുകയുണ്ടായി. വക്കീൽമാരുടെ കോടതി ബഹിഷ്കരണവും, സമരവും മൂലം അധികം താമസിയാതെ അദ്ദേഹത്തെ വിട്ടയച്ചു.

തിരു-കൊച്ചി സംയോജനത്തെ തുടർന്ന് ഹൈക്കോടതി എറണാകുളത്തേയ്ക്ക് മാറ്റിയപ്പോൾ താമസം അദ്ദേഹം എറണാകുളത്താക്കി. എറണാകുളത്ത് "ജോസഫ് & കുരിയൻ" ലോയേഴ്സ് ചേമ്പറിൽ സീനിയർ അഡ്വക്കേറ്റായിരുന്ന ഇദ്ദേഹത്തിന്റെ കീഴിൽ പ്രാക്ടീസ് ചെയ്തിരുന്ന മൂന്ന് പേർ പിൽക്കാലത്ത് ഹൈക്കോടതി ജഡ്ജിമാരായിട്ടുണ്ട്.

എറണാകുളത്ത് താമസമാക്കിയശേഷം എല്ലാ ഞായറാഴ്ചകളിലും മാതൃ ഇടവകയായ വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിൽ വന്ന് വി. കുർബ്വാനയിൽ സംബന്ധിക്കുമായിരുന്നു.

അഡ്വ: കെ.പി. എബ്രഹാം തന്റെ ജീവിതത്തിൽ നല്ലൊരു ഭാഗം സഭയ്ക്ക് വേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തി ഇല്ല. സഭയുടെ കേസുകൾ അദ്ദേഹം നടത്തിയത് വരുമാനത്തെ പ്രതിയല്ല. മറിച്ച് വിശ്വാസത്തിന്റെ പേരിലായിരുന്നു. യോജിപ്പിന്റെ ദുരന്തഫലം കുറെയൊക്കെ കേൾക്കുവാനും കാണുവാനും അദ്ദേഹത്തിന് ഇടയായിട്ടുണ്ട്. അൻപത് വർഷത്തോളം സഭയ്ക്കു വേണ്ടി നിസ്വാർത്ഥ സേവനം നടത്തിയ അദ്ദേഹം 1972 ഫെബ്രുവരി 17-ന് നിര്യാതനായി.

തയ്യാറാക്കിയത്: ഷെവ. പൗലോസ് കൂരൻ